നം. 22692/നോഡൽ 1/2016/നിയമം — നിയമ (നോഡൽ)വകുപ്പ്

പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 6320 — 08/11/2016-ൽ മറുപടിക്ക്

ചോദ്യം

1. ശ്രീ. ജി.എസ്.ജയലാൽ
2. ശ്രീ. വി.ആർ.സുനിൽ കുമാർ
3. ശ്രീ.മുഹമ്മദ് മുഹസിൻ.പി

ഉത്തരം

ശ്രീ.പിണറായി വിജയൻ

(ബഹു.മുഖ്യമന്ത്രി)

| | | |
|---|---|---|
| (എ) | കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന Traditional Knowledge Protection Bill' സംസ്ഥാനത്തിന് സ്വന്തമായുള്ള പരമ്പരാഗത അറിവുകളെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന Knowledge Protection Bill-ന്റെ പകർപ്പ് സംസ്ഥാന സർക്കാരിന് ലഭ്യമാക്കിയിട്ടില്ല. മറിച്ച് National Intellectual Property Rights Policy മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്ത് അടിയന്തിരമായി ലഭ്യമാക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അതിനാൽ ബില്ലിൽ എന്ത് വ്യവസ്ഥകളാണ് ഉള്ളതെന്ന് വ്യക്തമല്ല. അതുകൊണ്ട് സംസ്ഥാനത്തിന് സ്വന്തമായുള്ള പരമ്പാരഗത അറിവുകളെ എന്തൊക്കെ തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. |
| (ബി) | നിയുക്ത ബില്ലിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനം ഏതെങ്കിലും തരത്തിലുള്ള ശിപാർശകൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; | Traditional Knowledge Protection Bill" എന്ന് വിഷയവുമായി ബന്ധപ്പെട്ട് യാതൊരു ശിപാർശകളും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടില്ലാത്തതാണ്." |
| (സി) | സംസ്ഥാനത്തിന് സ്വന്തമായ പരമ്പരാഗത അറിവുകൾ നഷ്ടപ്പെടാതിരിക്കുന്നതിന് ഏതൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ; | സംസ്ഥാനത്തിന്റെ പരമ്പാരഗതമായ അറിവുകൾ നഷ്ടപ്പെടാതിരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി സർക്കാർ 2008-ൽ Intellectual Property Rights Policy അംഗീകരിച്ചിട്ടുള്ളതും അതനുസരിച്ച് Supervisory Council on Intellectual Property (SCIP) കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതുമാണ്. പരമ്പരാഗത അറിവുകൾ നഷ്ടപ്പെടാതിരിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിന് സംസ്ഥാന സർക്കാർ കരട് ബിൽ തയ്യാറാക്കിയെങ്കിലും സംസ്ഥാന നിയമസഭയ്ക്ക് ഈ വിഷയത്തിൽ നിയമനിർമ്മാണം നടത്തുവാൻ ക്ഷമതയില്ലായെന്ന നിയമവകുപ്പിന്റെയും ബഹു.അഡ്വക്കേറ്റ് ജനറലിന്റെയും ഉപദേശത്തെ തുടർന്ന് ബിൽ അവതരിപ്പിക്കാനുള്ള ശ്രമം |

| | | |
|---|---|---|
| | | സംസ്ഥാന സർക്കാർ നിർത്തിവച്ചു. കേന്ദ്ര സർക്കാർ ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരായുന്ന പക്ഷം സംസ്ഥാന സർക്കാർ അതിന്മേലുള്ള അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്.<br><br>1970-ലെ പേറ്റന്റ് ആക്ടിന്റെ വകുപ്പ് 2 (എം) പ്രകാരം പേറ്റന്റ് എന്നാൽ ഈ ആക്ടിൻ കീഴിൽ കണ്ടുപിടുത്തങ്ങൾക്ക് അനുവദിച്ചിട്ടുള്ള പേറ്റന്റ് എന്ന് അർത്ഥമാകുന്നു. അതുപോലെ, ഈ ആക്ടിന്റെ വകുപ്പ് 3 (പി) പ്രകാരം Traditional Knowledge അല്ലെങ്കിൽ പരമ്പരാഗതമായി അറിയാവുന്ന അറിവുകളുടെ ഘടകത്തിന്റെയോ ഘടകങ്ങളുടേയോ കൂട്ടിച്ചേർക്കലോ അതിന്റെ Duplication-നോ invention ആകുകയില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ Traditional Knowledge പേറ്റന്റ് ആക്ടിന്റെ പരിധിയിൽ വരുന്നതല്ല. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.